# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.2212 - 18/03/2015 - ലെ മറുപടിക്ക്**

**പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്ന കേന്ദ്രസർക്കാർ ഫണ്ടുകൾ**

| ചോദ്യം<br><br>ശ്രീ. സാജു പോൾ | ഉത്തരം<br><br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) മാനദണ്ഡങ്ങൾ പാലിക്കാത്തതു മൂലവും തുക കൃത്യസമയത്ത് ചെലവഴിക്കാത്തതുമൂലവും കേന്ദ്ര സർക്കാരിൽ നിന്നുള്ള എന്തെല്ലാം ഫണ്ടുകളാണ് 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് നഷ്ടമായിട്ടുള്ളതെന്ന് വിശദമാക്കുമോ; | കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി തുടർന്നുള്ള വർഷങ്ങളിൽ ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ പദ്ധതിയും ഫണ്ടും നഷ്ടപ്പെടുന്നതായി കണക്കാക്കുവാൻ കഴിയുകയില്ല. |
| (ബി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം പദ്ധതികൾ പ്രകാരമുള്ള ഫണ്ടുകളാണ് പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതിരുന്നതെന്ന് വിശദമാക്കുമോ; അനുവദനീയമായ ഫണ്ടിന്റെ എത്ര ശതമാനം വീതം യഥാർത്ഥത്തിൽ ചെലവഴിക്കാൻ സാധിച്ചു ? | 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര ഫണ്ട് പൂർണ്ണമായും ചെലവഴിക്കാത്ത പദ്ധതികളുടെ വിവരം (ശതമാന കണക്ക് ഉൾപ്പെടെ) അനുബന്ധമായി ചേർക്കുന്നു. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്